# വേട്ട

കാഞ്ഞിരപ്പിള്ളിക്കാരൻ സണ്ണിച്ചനും, പൊൻകുന്നത്തുകാരൻ ബേബിച്ചനും സുഹൃത്തുക്കളാണ്. സണ്ണിച്ചൻ വെളുത്തു തടിച്ചിട്ടും ബേബിച്ചൻ ഇരുനിറത്തിൽ പൊക്കം കൂടിയിട്ടും

സൗഹൃദത്തിന് രു ദശസംവത്സരക്കാലത്തെ പഴക്കമുാവും. തുടക്കം രാളും പത്താംതരത്തിൽ ആദ്യമായി തോൽവി എറ്റുവാങ്ങി (ആദ്യമായി തോൽവി എന്ന് ഉപയോഗിക്കാൻ കാരണം പിന്നീട് നാലോ അഞ്ചോ പ്രാവശ്യം ആവർത്തിച്ച ശേഷമാണ് ആ മാർഗ്ഗം നമുക്ക് വിധിച്ചതല്ലെന്ന അറിവിൽ വിടവാങ്ങിയത് ) പൊൻകുന്നത്തെ പ്രശസ്തമായൊരു ട്യൂട്ടോറിയൽ കോളേജിൽ വിധി തേടിയെത്തിയപ്പോഴാണ്.

അവരുടെ ബന്ധം ആഴത്തിൽ ശാന്തസമുദ്രവും പരപ്പിൽ മരുഭുമിയുമായി പരിണമിച്ചത് പൊതുസ്വഭാവങ്ങൾ കൊാകാം.

(പൊതുസ്വഭാവങ്ങൾ: പുകവലി, മദ്യപാനം, അത്യാവശ്യം അടിപിടി, സർക്കാരുവനത്തിൽ നിന്നും പക്ഷി, മൃഗവേട്ട, കൂടാതെ ചില്ലറ ചാപല്യങ്ങളും)

ആമുഖം കഴിഞ്ഞിരിക്കുന്നു. ഇനിയും ഫ്ളാഷ്ബാക്ക് സീനുകളാണ്.

***സീൻനമ്പർ വൺ:***

സണ്ണിച്ചനും ബേബിച്ചനും ഇരുപത്തിരുവയസ്സ് തികഞ്ഞിരിക്കുന്നു. അതിനായുള്ള മദ്യപാനവും കാട്ടിറച്ചിതീറ്റയും കഴിഞ്ഞ് സാധാരണ ജീവിതത്തിലേക്ക് തിരിച്ചെത്തിക്കഴിഞ്ഞ ഒരു സായം സന്ധ്യയിൽ, അന്ന് രാളും അന്തിയുറങ്ങുന്നത് സണ്ണിച്ചന്റെ വീട്ടിലാണ്

സണ്ണിച്ചന്റെ അപ്പൻ കുരിശുവര കഴിഞ്ഞ് വരാന്തയിൽ ചാരുകസാലയിൽ നീുനിവർന്ന്കിടന്ന് ചെറിയൊരു മയക്കത്തിലേക്ക് വഴുതിപ്പോയ നേരത്താണ്, രാളും വീടിന്റെ പടിഞ്ഞാറുമാറി നേർത്ത ഇരുളിൽ നിന്ന് ഓരോ സിഗററ്റുവലി കഴിഞ്ഞ് അകത്തേക്ക് കടക്കാനായി വരാന്തയിൽ കയറിയത്.

‘‘ങാ! രുമവിടെ നിന്നെ.’’

നിന്നു.

‘‘ഇങ്ങനെയല്ലാമങ്ങുകഴിഞ്ഞാ മതിയോ ബേബിച്ചാ.........?’’

ബേബിച്ചൻ അന്താളിച്ചുപോയി, സണ്ണിച്ചനും.

‘‘വീടും കൂടും കുമ്മാട്ടിക്കായുമൊന്നും വോന്നായോ ?’’

‘‘ഓ..... വേണം................’’

‘‘പിന്നെ......എന്നതാടാവുവ്വേ............മൂക്കീന്നൂപല്ലുമുളച്ചു കഴിഞ്ഞേച്ചാ........ ?’’

‘‘അല്ല.... അത്...................’’

''എന്നാ പിന്നെ താമസ്സിക്ക''

''ഓ.''

പിറ്റേന്നു മുതൽ രാളും പെണ്ണു വേട്ടക്കിറങ്ങി.

'വകേംതൊകേമെല്ലാം' നോക്കി നിരന്തരം ഒരു ബ്രോക്കറും പിന്നാലെ കൂടി.

പാല, പൈയ്ക, ഭരണങ്ങാനം, ഈരാറ്റുപേട്ട, ഏരുമേലി, മണിമലവഴിയെല്ലാം വേട്ടയാടി നടന്നു.

കേക്കുതിന്നു, ബിസ്ക്കറ്റ്തിന്നു, മിക്ച്ചറുകൊറിച്ചു ചായകുടിച്ചു.

ഒടുവിൽ മനസ്സിൽപിടിച്ചതു രണ്ണെത്തിനെ കത്തെി. ഈരാറ്റുപേട്ടയിലൊരു മേഴ്സിക്കുട്ടി, ഏരുമേലിയിലൊരു ഗ്രേസിക്കുട്ടി......

ഇഷ്ടപ്പെട്ടുവന്നപ്പോൾ ആര് ആർക്കെന്നുതിരിക്കാനാവാതെ കൺമിഴിച്ചു. ബേബിച്ചന്റെ വല്ല്യപ്പച്ചൻ കിഴികെട്ടി സൂക്ഷിക്കുന്ന ഒരു വെള്ളി നാണയമെടുത്ത് 'ടോസ്സു' ചെയ്തു

ടോസിന്റെ ഫലമായി മേഴ്സിക്കുട്ടി സണ്ണിച്ചന്റെയും, ഗ്രേസിക്കുട്ടി ബേബിച്ചന്റെയും വാരിയെല്ലായി.

*സീൻനമ്പർ ര് :*

സണ്ണിച്ചന് വല്ല്യപ്പച്ചന്മാരുമുതൽ സൂക്ഷിച്ച് പെരുപ്പിച്ചു വന്നിരുന്നെതിൽ പത്തിരുപതു ഏക്കർ സ്ഥലവും ഒരു വീടും താമസിക്കാൻ കിട്ടി. അതിലൊട്ടും കുറവില്ലാത്തതുതന്നെ ബേബിച്ചനും കിട്ടി. രാളും സുഖമായി വാഴുന്നു.

ബേബിച്ചന് ഒരു മകനേയുള്ളൂ; ജോജോമോൻ– പതിനാലു വയസ്സായിരിക്കുന്നു.

സണ്ണിച്ചന് ഒരു മകളും, ഒരു മകനുമാണ്. ജിജിമോൾക്ക് ജോജോമോനേക്കാൾ മൂന്നു മാസത്തെ ഇളപ്പമു്. ജിജോമോന് പത്തു വയസ്സും.

ബേബിച്ചൻ, സണ്ണിച്ചന്റെ ഇരുനിലബംഗ്ലാവിന്റെ തെക്കോട്ടുള്ള ബാൽക്കണിയിൽ, ഒരു പെഗ്ഗ് വിസ്ക്കി അകത്താക്കി കഴിഞ്ഞ്, പൊന്തമ്പുഴക്കാടുകളിലെവിടെനിന്നോ പിടിച്ച കാട്ടുപന്നിയുടെ മുഴുത്ത ഒരു കഷണം മാംസം തന്നെ വായിലിട്ട് ചവച്ച്, അടുത്ത ഒരു പെഗ്ഗ് കൂടി ഗ്ലാസ്സിലെടുത്ത് തെക്കോട്ടു നോക്കി നിൽക്കുകയാണ്

സണ്ണിച്ചനാണെങ്കിൽ രണ്ണെം കഴിച്ചിട്ട് മൂന്നാമത്തേത് ഗ്ലാസ്സിൽ പകർന്നുവച്ച് ഒരു വിൽസ് സിഗററ്റ് കത്തിക്കുന്ന തിരക്കിലാണ് .

ബാൽക്കണിയിൽ അങ്ങനെ നോക്കിനിൽക്കുമ്പോഴുള്ള സുഖം ...............

താഴെ വിശാലമായ മുറ്റം കടന്നാൽ പുല്ലു പതിച്ചൊരു ഉദ്യാനം, ഉദ്യാനത്ത് അത്യാവശ്യം പൂച്ചെടികൾ, തണൽ വൃക്ഷങ്ങൾ ................. വൃക്ഷച്ചുവടുകളിൽ ഇരിപ്പിടങ്ങൾ.....

അവിടെ മക്കൾ മൂന്നുപേരും എന്തെല്ലാമോ കളികളിലാണ് .

ഉദ്യാനത്തെ തുടർന്ന് റബർ തോട്ടം തുടങ്ങുകയായി. സണ്ണിച്ചന്റെ ഏറ്റവും നല്ല മരങ്ങളാണവിടെ...............പിന്നെ മണിമലയാർ വെള്ളം കുറഞ്ഞൊഴുകുന്നു. പിന്നീടും സണ്ണിച്ചന്റെ റബർ തൈകൾ

തന്നെ.

രണ്ണ്ണം ഉള്ളിൽ ചെന്നപ്പോൾ ബേബിച്ചന് ഒരു തരിപ്പൊക്കെ അനുഭവപ്പെട്ടു തുടങ്ങി.........

സിൽക്ക് ജുബ്ബ ഒട്ടിത്തുടങ്ങി.....

പുറത്തുനിന്ന് ഒരു കാറ്റെങ്കിലും വന്നിരുന്നെങ്കിൽ നന്നായിരുന്നെന്നു തോന്നി .

ഫാനിന്റെ സ്വിച്ച് ഓൺ ചെയ്യുന്നതിനുവേിയും, ഒരു വിസ്ക്കി കൂടി കരസ്ഥമാക്കുന്നതിന് വേിയുമായിട്ട് ബേബിച്ചൻ തിരിയുമ്പോഴാണ് ഒരു ദൃശ്യം ദൃഷ്ടിഗോചരമായത്.

ആദ്യം, വിസ്ക്കിനൽകിയ, കണ്ണിന്റെ മൂടലാണെന്നാണ് കരുതിയത്; പക്ഷെ, ഒരിക്കൽകൂടി സൂക്ഷ്മതയോടെ വീക്ഷിച്ചപ്പോൾ വ്യക്തമായി.

രു കുഞ്ഞാറ്റക്കുരുവികളെപ്പോലെ, കൊക്കുരുമ്മി, മേലുരുമ്മി, തൂവലുകൾ അകത്തിപേനുകളെ നോക്കി........

ജോജോമോനും, ജിജിമോളും........

ജോജിമോൻ അതൊന്നും ശ്രദ്ധിക്കാതെ പോപ്പി പട്ടിക്കുട്ടിയോടൊത്ത് പന്ത് കളിക്കുകയാണ്.

ആദ്യം ലേശം അസ്വസ്ഥതയാണ് തോന്നിയത്.

പക്ഷെ, അടുത്ത നിമിഷംതന്നെ അസ്വസ്ഥതയുടെ കാര്യമില്ലെന്ന് തോന്നി.

എന്തുകൊ് അവർക്കു തമ്മിൽ വിവാഹം ചെയ്തു കൂടാ...... എങ്കിൽ സണ്ണിച്ചനുമായുള്ള ബന്ധം കൂടുതൽ ദൃഢമാവുകയല്ലേയുള്ളൂ.............

‘‘സണ്ണിച്ചാ.......... നീ അതാന്നും കോടാ ഉവ്വേ...’’

‘‘ങേ !’’

സണ്ണിച്ചൻ നല്ല ഫോമിലായിക്കഴിഞ്ഞിരുന്നു. ബേബിച്ചൻതന്നെ അയാളെ കസേ രയിൽനിന്നും വലിച്ചുയർത്തി, ബാൽക്കണി കൈവരിക്കടുത്തുനിർത്തി ദൃശ്യം കാണിച്ചു പറഞ്ഞു കൊടുത്തു.

‘‘എന്നാ പിന്നെ അങ്ങനെതന്നെ ആട്ടെടാ ബേബിച്ചാ.............. നമ്മുടെ പണികൊറച്ചല്ലോ...............’’

പിന്നെ, ആർത്തലച്ചുള്ള ചിരി, ആ സന്തോഷത്തിൽ വിസ്ക്കികുപ്പികൾ രണ്ണ്ണം കാലിയായി, നാലഞ്ചു പ്ലെയ്റ്റ് പന്നിയിറച്ചിയും.

***സീൻ നമ്പർ മൂന്ന്:***

സണ്ണിച്ചന്റെ ബംഗ്ലാവിന്റെ സിറ്റൗട്ട്.

കസേരകളിൽ വിഷാദമഗ്നനായിരിക്കുന്ന സണ്ണിച്ചനും, ബേബിച്ചനും.

അകത്തുനിന്നും മേഴ്സിക്കുട്ടിയും ഗ്രേസിക്കുട്ടിയും മക്കളും ഇറങ്ങിവരുന്നു.

ജോജോമോനും, ജിജിമോളും യാത്രക്കുള്ള വേഷത്തിലാണ്; അവർ രാളും പത്താംതരം പ്രശസ്തമായിതന്നെ പാസ്സായി. പ്ലസ്ടു സ്കൂൾ തേടി കുറച്ചകലെയുള്ള നഗരത്തിലേയ്ക്ക് യാത്രയായിരി

യ്ക്കുകയാണ്.

മേഴ്സിക്കുട്ടിയും ഗ്രേസിക്കുട്ടിയും കരഞ്ഞ് മുഖം വീർപ്പിച്ചിരിക്കുന്നു. ജിജിമോൾക്കും ദു:ഖമു്. ജോജോ മോൻ ഉഷാറായിട്ടാണ്.

മേഴ്സിക്കുട്ടിപറഞ്ഞു.

ജോജോമോനേ............ നിന്നെ ഏല്പ്പിച്ചാവിടുന്നത്, എന്നും ജിജിമോളെ കാണണം, എല്ലാ ഞായറാഴ്ചയും രാളുംകൂടി പള്ളീപോണം.......... നല്ലോണം പഠിച്ചോണം.............?''

''ആന്റി പ്രത്യേകം പറയണോ, ഞാൻ നോക്കില്ലായോ...''

ജിജിമോളുടെ ചുത്തൊരു പുഞ്ചിരി പൂത്തു. ജോജോമോന്റെ മുഖത്ത് ആഹ്ലാദം വിരിഞ്ഞു.

***ഇനിയും ഒരു ക്ലൈമാക്സ് സീനാണ്.***

ക്ലൈമാക്സിലെത്താൻ രുപ്രാവശ്യം മണിമലയാറ് കുലംകുത്തിയൊഴുകി.

റെയിൻഗാർഡ് ഉായിരുന്നതിനാൽ രു വർഷവും സണ്ണിച്ചൻ റബർവെട്ടുനിർത്തിയിട്ടില്ല.ഷീറ്റിന് നല്ല വിലയും കിട്ടുന്നതിന്നാൽ സണ്ണിച്ചനും, അപ്പൻ വല്ല്യപ്പന്മാരെപ്പോലെ പെരുപ്പിക്കുകയാണ്.

കാർ മേഘങ്ങളെകൊ് ഒരു ഇരു സന്ധ്യ......ബാൽക്കണിയിൽ നിന്ന് ആകാശത്തേക്ക് നോക്കിയാൽ മാത്രമേ കുറച്ച് വെളിച്ചമുള്ളുവെന്ന് സണ്ണിച്ചന് തോന്നി.

റബർ മരങ്ങളെല്ലാം തഴച്ചു പന്തലിച്ചു നിൽക്കുന്നു. ആറ്റിറമ്പിൽ നില്ക്കുന്ന മൂന്നുനാലു തേക്കിൻതൈകൾ വളർന്ന് റബ്ബർ മരങ്ങൾക്ക് മുകളിലെത്തി.

ബാൽക്കണിയിൽ നിന്നും കാണാം, ഗൈറ്റ് കടന്ന് ഒരു ജീപ്പ് ലൈറ്റ് തെളിച്ച് വരുന്നത്.......................

സണ്ണിച്ചൻ താഴേക്കിറങ്ങി.

കാർ പോർച്ചിൽ സർവ്വസ്വതന്ത്ര്യവും എടുത്താണ് ജീപ്പ് കയറ്റി നിർത്തിയത്.

ജോജോമോൻ ജീപ്പിൽനിന്നും ഇറങ്ങിയപ്പോൾ മേഴ്സിക്കുട്ടിയുടെ ഉള്ളുപിടഞ്ഞു.

''എന്താ മോനേ ?''

''ഒന്നുമില്ലാന്റി, ഇവന്മാർക്ക് നമ്മുടെ നാടൊക്കെയൊന്നു ചുറ്റി കാണണം.''യൊന്നു ചുറ്റി കാണണം.''

ജോജോമോനേയും രു സ്നേഹിതരെയും മേഴ്സിക്കുട്ടി ഡ്രോയിംഗ് റൂമിലേക്ക് സ്വാഗതം ചെയ്തു. അപ്പോഴേയ്ക്കും സണ്ണിച്ചനും എത്തിച്ചേർന്നു.

''അങ്കിൾ, ഇവൻ അനന്തു തിരുവനന്തപുരത്തുകാരനാ, അച്ഛൻ സെക്രട്ടറി, അവൻ അനസ്സ് കോഴിക്കോട്ടാ ബാപ്പാക്ക് തടിക്കച്ചോടം.''

ചെമ്പിച്ച താടിമീശകളുള്ള അനന്തുവും മീശയേകിളുക്കാത്ത അനസ്സും, സണ്ണിച്ചന് സന്തോഷമായി.

മേഴ്സിക്കുട്ടിക്ക് പിന്നീട് ഒരു പെരുന്നാളിന്റെ തെരക്കായിരു

ന്നു.

കോഴി, മാട്, പന്നി, കരിമീൻ.....ചപ്പാത്തി, ചോറ്...................

പാതിരകഴിഞ്ഞ്, മേൽ കഴുകി അവൾ ബഡ്റൂമിൽ എത്തിയപ്പോഴേയ്ക്കും റബർമരച്ചുവടുകളിലേക്കും തണുപ്പ് അരിച്ചരിച്ച് ഇറങ്ങിക്കഴിഞ്ഞിരുന്നു. എവിടെയോ ഇരുന്ന് ഒരു നരിച്ചീറ് മോങ്ങുന്നത് കേട്ടു. സണ്ണിച്ചൻ നല്ല ഉറക്കത്തിലായിക്കഴിഞ്ഞിരുന്നു.....

കതകിലെ മുട്ടുകേട്ടിട്ടാണ് അവൾ കതക് തുറന്നത്.വാതിൽക്കൽ ജോജോമോൻ, അനന്തു, അനസ്സ്.....

''എന്താ മക്കളെ ?''

''ആന്റി അങ്കിളിനെ വിളിച്ചെ......ഈ അനന്തുവിന് എന്തോ പറയാനുണ്ടെന്ന്....... ''

മദ്യത്തിന്റെ തളർന്ന താഴ്വാരത്തിൽനിന്നും സണ്ണിച്ചനെ പൊക്കിയെടുക്കാൻ മേഴ്സിക്കുട്ടി വളരെ പണിപ്പെട്ടു. എഴുന്നേറ്റ കട്ടിലിൽതന്നെ, വീർത്തകൺപോളകളുമായി, ചുവന്ന കണ്ണുകളുമായി സണ്ണിച്ചൻ ഇരുന്നു.

''അങ്കിൾ, ഈ അനന്തുവിന് കുറച്ച് പണം വേണം.....''

''മേനേ അനന്തു......... ഇവിടരിക്കടാകുവേ..................''

''നെനക്കെത്രകാശാ വേയത്.............?''

''ഉം... എ ത്രീ ലാക്സ്...... ബാലൻസ് ഞാൻ ചോദിക്കുമ്പോൾ..............!''

''ങേ!........ എന്തായിത് ?''

''ശരിയ അങ്കിൾ...........''

സണ്ണിച്ചന്റെ ശിരസ്സിൽനിന്നും മദ്യം ചോർന്നിറങ്ങിപ്പോയി. മേഴ്സിക്കുട്ടി കണ്ണുകൾ മിഴിച്ചുനിന്നുപോയി.

''അങ്കിളിന് ബുദ്ധിമുട്ടാണെങ്കിൽ വേ......കാഷ് ഉാക്കാൻ എനിക്കറിയാം.................''

അനന്തുവിന്റെ ചുവക്കുന്ന മുഖം, അനസ്സിന്റെ ഇരുളുന്ന മുഖം, ജോജോമോന്റെ ചിരിമായുന്ന മുഖം..............

സണ്ണിച്ചന് ഒന്നും മിനാവാതെയായിപ്പോയി.

അനന്തു നീട്ടിക്കാണിച്ച ചിത്രങ്ങൾ...........

സണ്ണിച്ചനും മേഴ്സിക്കുട്ടിയും ഒരിക്കൽകൂ.

ജിജിമോളുടെ ചിത്രങ്ങളാണ്, നഗ്നയായിട്ട്, ഉറങ്ങിക്കിടക്കുന്നതായിട്ട്.......

''ഇത്വിറ്റ് പണം ഉാക്കാൻ ഞങ്ങൾക്ക് അറിയാം......... വേറെ വീഡിയോ ഫിലിമു്... എന്തര് ഡാഡിയ്ക്കും മമ്മിക്കും ഓരോന്നെടുക്കട്ടെ...........?''

ഒറ്റ നിമിഷത്തിനു ശേഷം.......

സണ്ണിച്ചൻ പതറിപ്പോയ ആ ഒറ്റനിമിഷത്തിനുശേഷം...

മേഴ്സിക്കുട്ടിയുടെ തുറന്നിരുന്ന കണ്ണുകൾക്കുമുമ്പിൽ.......

കിടക്കക്ക് ചുവട്ടിൽ കരുതിവച്ചിരുന്ന ഇരുതലമൂർച്ചയുള്ള കത്തിയാൽ.....വേട്ടക്കാരന്റെ ദൃഢമായ കാൽവെപ്പുകളോടെ .........നാഭിതുറന്ന്, നെഞ്ചുപിളർന്ന്, ഗളം മുറിഞ്ഞ് .......................

മേഴ്സിക്കുട്ടിയുടെ ബസ്സ്റൂമിലെ മിനുത്ത തറയിൽ മണിമലയാറ് കുലംകുത്തിയൊഴുകുംപോലെ രക്തമൊഴുകി, അതിൽകിടന്ന് പിടഞ്ഞ്..........

ജോജോമോൻ,

അനന്തു,

അനസ്സ്.........

മേഴ്സിക്കുട്ടി കണ്ണുകൾ പൊത്തി കാലുകൾ തളർന്നു, മുട്ടുകുത്തി, ഭിത്തിയിൽ ചാരിയിരുന്നു.

******************